**കേരള കാർഷിക സർവകലാശാല വാർത്തകൾ**

(മെയ് 4- മെയ് 10 , 2018)

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2018 – 19** **Dt. 03.05.2018**

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

വേനൽ മഴ നന്നായി കിട്ടിയ സ്ഥലങ്ങളിൽ തെങ്ങിൻ തൈ നടാം. ഒരു മീറ്റർ നീളവും വീതിയും ആഴവുമുള്ള കുഴികൾ വേണം എടുക്കാൻ. മൂന്നിലൊന്ന് ആഴത്തിൽ വളക്കൂറുള്ള മണ്ണ് കൊണ്ട് കൂന കൂട്ടിയതിനുശേഷം കൂനയുടെ നടുവിൽ കുഴിയെടുത്ത് തൈകൾ നടാം. നടുമ്പോൾ തൊണ്ടു മാത്രം മണ്ണിനടിയിൽ ആയാൽ മതി. കുഴിക്കു ചുറ്റും മണ്ണ് വെട്ടിക്കൂട്ടി വരമ്പ് ഉറപ്പിക്കുകയാണെങ്കിൽ ഒഴുക്കു വെള്ളം കുഴിയിൽ ഇറങ്ങാതിരിക്കും. കുഴിയിൽ വരുന്ന പെയ്ത്തു വെള്ളം താനെ വലിഞ്ഞു കൊള്ളും. ഒഴുക്കു വെള്ളം കുഴിയിൽ ഇറങ്ങാൻ ഇടയായാൽ കുഴി ഭാഗികമായി മൂടിപ്പോകുകയും വെള്ളം കെട്ടി നിന്ന് ചെറുതൈകൾ നശിച്ചു പോകുകയും ചെയ്യും. മഴക്കാലത്തിനു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം, അതായത് 100 ഗ്രാം തുരിശും 100ഗ്രാം നീറ്റുകക്കയും 10 ലിറ്റർ വെള്ളത്തിൽ തയ്യാറാക്കിയത് തളിക്കുന്നതു വഴി കൂമ്പുചീയൽ, ഓലചീയൽ, മഹാളി എന്നീ രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയും.

തെങ്ങിന്റെ കൂമ്പുചീയൽ, ഓലചീയൽ തുടങ്ങിയ രോഗങ്ങൾ വരാതിരിക്കുവാനുള്ള പ്രതിരോധ നടപപടികൾ ഈ മാസം തന്നെ ആരംഭിക്കണം. മണ്ട വൃത്തിയാക്കിയതിനു ശേഷം 1% വീര്യമുള്ള ബോർഡോ മിശ്രിതം ഓലകളിലും കൂമ്പോലകളിലും മണ്ടയിലും നന്നായി തളിക്കണം. വിത്തു തേങ്ങ ഈ മാസം പാകാം. തവാരണക്ക് ഒന്നര മീറ്റർ വീതിയും സൗകര്യം പോലെ നീളവുമാകാം. തടത്തിൽ 30 സെന്റിമീറ്റർ ഇടയകലത്തിൽ ചാലു കീറി വിത്തു തേങ്ങ പാകി ഇടയ്ക്കുള്ള സ്ഥലം മണ്ണിട്ടു മൂടുക. മേൽ ഭാഗം ആകെ മണലിട്ടു മൂടണം. തേങ്ങയുടെ മുകൾ ഭാഗം മാത്രം മണലിന് വെളിയിൽ കണ്ടാൽ മതി. തവാരണയിൽ നിന്നും മണ്ണൊലിപ്പു തടയാനും തണൽ നൽകാനും ഉണങ്ങിയ തെങ്ങോല കൊണ്ട് പുതയിടുക. മഴ കുറവാണെങ്കിൽ ഒന്നു രണ്ടു തവണ നനയ്ക്കണം. വിത്തു തേങ്ങ ചരിച്ചോ കുത്തനയോ പാകാം.

കുറുനാമ്പ് ബാധിച്ച വാഴകൾ എത്രയും വേഗം മൂടോടെ പിഴുതെടുത്ത് കുഴിച്ച് മൂടുകയോ കത്തിച്ച് കളയുകയോ ചെയ്യണം. ഇതിനു മുമ്പായി പുകയിലക്കഷായമോ, സോപ്പു വെള്ളമോ വാഴയുടെ മുകൾഭാഗത്തും പോളകൾക്കിടയിലും ഒഴിച്ച് വാഴപ്പേനുകളെ നശിപ്പിക്കണം. വാഴപ്പേനുകളാണ് ഈ വൈറസ് രോഗത്തെ പരത്തുന്നത്. മറ്റു വാഴകളിൽ പകരാതിരിക്കാനായി ഇവയുടെ നിയന്ത്രണം അനിവാര്യമാണ്. മഴക്കാലാരംഭത്തോടെ വാഴകളിൽ കാണുന്ന ഇലപ്പുള്ളി രോഗം വരാതിരിക്കാനായി 1-2% വീര്യമുള്ള സ്യൂഡോമോണാസ് അല്ലെങ്കിൽ ബോർഡോ മിശ്രിതം തളിക്കുന്നത് നന്നായിരിക്കും. പിണ്ടിപ്പുഴുവിന്റെ ആക്രമണം ഉണ്ടാകാതിരിക്കാനായി തോട്ടത്തിലെ മണ്ണ് കുഴച്ച് കുഴമ്പാക്കി വാഴയുടെ തടയിൽ പുരട്ടണം. മെറ്റാറൈസിയം കുമിൾപൊടി വാഴക്കവിളിൽ വിതറിക്കൊടുക്കുന്നത് അവയുടെ ജൈവനിയന്ത്രണത്തിന് നല്ലതാണ്. വാഴത്തോട്ടത്തിൽ വാഴത്തടകൾ രണ്ടായി മുറിച്ച് അതിൽ ബിവേറിയ എന്ന മിത്ര കുമിൾ വിതറി കെണി ഒരുക്കിയും കീടത്തെ നിയന്ത്രിക്കാം.

ഒട്ടുമാവിൻ തൈകളുടെ കൊമ്പുകളിൽ ചിലത് പെട്ടെന്ന് ഉണങ്ങി കരിഞ്ഞുപോകുന്നതായി പലയിടങ്ങളിലും കണ്ടു വരുന്നുണ്ട് . കൊമ്പുണക്കം എന്ന രോഗമാണിത്. രോഗഹേതു ഒരു കുമിളാണ്. ഉണക്ക് എവിടം വരെയായിട്ടുണ്ടോ അതിന് തൊട്ടു താഴെ വച്ച് മൂർച്ചയുള്ള കത്തികൊണ്ട് കൊമ്പു മുറിച്ചു മാറ്റണം. എന്നിട്ട് സ്യൂഡോമോണാസ് ഫ്ളൂറസെൻസ് എന്ന മിത്ര ബാക്ടീരിയയുടെ പൊടി 20 ഗ്രാം 100 മില്ലി ലിറ്റർ

വെള്ളത്തിൽ എന്ന തോതിൽ കുഴമ്പാക്കി മുറിപ്പാടിൽ പുരട്ടുകയും 20 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും ചെയ്യുക. അല്ലെങ്കിൽ ബോർഡോ കുഴമ്പ് (100 ഗ്രാം നീറ്റുകക്കയും 100 ഗ്രാം തുരിശും 1 ലിറ്റർ വെള്ളത്തിൽ കലക്കിയത്) പുരട്ടുകയും 1% വീര്യമുള്ള ബോർഡോമിശ്രിതം തളിച്ചു കൊടുക്കുകയും ചെയ്യണം.

പുഴുവില്ലാത്ത മാമ്പഴം കിട്ടാനായി ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ വെള്ളവും കൂട്ടി ചേർത്തതിൽ ലിറ്ററിന് 1 ഗ്രാം വീതം കറിയുപ്പ് ചേർത്തശേഷം മാമ്പഴം പെറുക്കിയിട്ട് 15 മിനിട്ടു നേരം വെക്കണം. അതിന് ശേഷം മാങ്ങ പുറത്തെടുത്ത് വെള്ളത്തിൽ കഴുകി തുടച്ചതിനുശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴുവില്ലാത്ത മാമ്പഴം കഴിക്കാം.

<u>**അറിയിപ്പ്**</u>

**1.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ജീവാണുക്കളായ സ്യൂഡമോണാസ്, വെർട്ടിസീലിയം, ബ്യുവേറിയ, മെറ്റാറേസിയം, ട്രൈക്കോഡെർമ എന്നിവയുടെ ചെറിയ പായ്ക്കറ്റുകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: **0487-2370773**

**2.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രം കർഷകർക്കായി 05/05/2018 ന് മുട്ടക്കോഴി വളർത്തർ, 09/05/2018 ന് കൂൺകൃഷി, 11/05/2018 ന് ആട് വളർത്തൽ എന്നീ സൗജന്യ ഏകദിന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്ട്രർ ചെയ്യാനായി 0487-2375855, 9400483754 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ 2018 മേയ് 8, 9, 10 തിയ്യതികളിൽ സസ്യപ്രജനന മാർഗ്ഗങ്ങളായ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ് എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി നടത്തുന്നു. 1500 രൂപ രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ചിട്ടുള്ള പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487-2370773, 9447789728 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഒപ്പ്

**പ്രൊഫസർ & ഹെഡ്**